സമഗ്ര ശിക്ഷാ കേരളം



# ആത്യന്തിക വിലയിരുത്തൽ I 2025-2026

## ഉദ്ഗ്രഥനം

ക്ലാസ് : 2

സമയം : ഒരു ദിവസം

പേര്: ..........................................................

സ്കൂൾ: ..........................................................

പഠനനിലവാരം

ഭാഷ

| ക്രമനമ്പർ | പ്രവർത്തന നമ്പർ | പ്രവർത്തനം | നിലവാര സൂചിക |
|---|---|---|---|
| 1 | 1 | കുട്ടനുറുമ്പിന്റെ പിറന്നാൾ | |
| 2 | 2 | സംഭാഷണം എഴുതാം | |
| 3 | 4 | വരികൾ ചേർക്കാം, ഒത്തു പാടാം | |
| 4 | 6 | പദപ്രശ്നം | |
| 5 | 10 | ഡയറി എഴുതാം | |

ഗ്രേഡ്

പരിസരപഠനം

| ക്രമനമ്പർ | പ്രവർത്തന നമ്പർ | പ്രവർത്തനം | നിലവാര സൂചിക |
|---|---|---|---|
| 6 | 3 | ചേർത്തുവരയ്ക്കാം | |
| 7 | 5 | പരീക്ഷണം ചെയ്യാം | |
| 8 | 7 | ക്രമപ്പെടുത്താം | |
| 9 | 8 | നമ്മുടെ ജലസ്രോതസ്സുകൾ | |
| 10 | 9 | സ്വാതന്ത്ര്യദിനം | |

ഗ്രേഡ്

ക്ലാസ് ടീച്ചറുടെ ഒപ്പ് .............................. രക്ഷിതാവിന്റെ ഒപ്പ് ..............................

സമഗ്ര ശിക്ഷാ കേരളം



# ആത്യന്തിക വിലയിരുത്തൽ I 2025-2026

## ഉദ്ഗ്രഥനം

ക്ലാസ് : 2 ഒന്നാം ദിവസം സമയം : ഒരു ദിവസം

പേര്: ...........................................................

സ്കൂൾ: ...........................................................

**പ്രവർത്തനം 1 കുട്ടനുറുമ്പിന്റെ പിറന്നാൾ** ഗ്രേഡ്

ഇന്ന് കുട്ടനുറുമ്പിന്റെ പിറന്നാളാണ്.

കൂട്ടുകാരെല്ലാം വരിവരിയായി കുട്ടനുറുമ്പിന്റെ വീട്ടിലേക്ക് നീങ്ങി. പിറന്നാൾ മധുരം നൽകാൻ പഞ്ചസാരത്തരികളുമായാണ് യാത്ര. വാഴത്തോട്ടം പിന്നിട്ട് പാടവരമ്പിലൂടെ അവർ നടന്നു.

മാനം ഇരുണ്ടു. തണുത്ത കാറ്റ് വീശി. "ഏതു സമയത്തും മഴ പെയ്യും" ചിണ്ടനുറുമ്പ് പറഞ്ഞു.

"ഠോ...ഠോ....ഠോ....ഠോ....." ശബ്ദം കേട്ട് എല്ലാവരും പേടിച്ചുപോയി. കറുത്തിരുണ്ട മാനത്തുനിന്ന് മഴത്തുള്ളികൾ വരവായി. പഞ്ചസാരത്തരികൾ നനഞ്ഞാലോ? ചിണ്ടനുറുമ്പും കൂട്ടുകാരും വേഗത്തിൽ നടന്നു.



1. കൂട്ടുകാരെല്ലാം എങ്ങോട്ടാണ് പോകുന്നത്?

2. പിറന്നാൾ മധുരം നൽകാൻ അവർ കൊണ്ടുപോയത് എന്താണ്?

3. "ഠേ...ഠേ.....ഠോ....ഠോ....." ചിണ്ടനുറുമ്പും കൂട്ടുകാരും കേട്ട ശബ്ദം എന്തിന്റേതായിരുന്നു?

4. "ഏതു സമയത്തും മഴ പെയ്യും" എന്ന് ചിണ്ടനുറുമ്പ് പറഞ്ഞത് എന്തുകൊണ്ട്?

5. ചിണ്ടനുറുമ്പും കൂട്ടുകാരും വേഗത്തിൽ നടക്കാൻ കാരണം എന്ത്?

**പ്രവർത്തനം 2 സംഭാഷണം എഴുതാം** ഗ്രേഡ് [ ]

ചാറ്റൽമഴ പെരുമഴയായി. പഞ്ചസാരത്തരികൾ അലിഞ്ഞലിഞ്ഞുപോയി. കുട്ടനുറുമ്പിന് ഇനി എന്തുകൊടുക്കും? അവർക്ക് സങ്കടമായി. അപ്പോഴാണ് ചിങ്കൻകുരങ്ങൻ വയലിൽ നെന്മണികൾ വാരിക്കൂട്ടുന്നത് കണ്ടത്.



ചിണ്ടനുറുമ്പ് : കുരങ്ങൻചേട്ടാ... ഇത്തിരി നെന്മണി തരുമോ ?

കുരങ്ങൻ : എന്തിനാ?

ചിണ്ടനുറുമ്പ് : ........................................................................................................

കുരങ്ങൻ : ........................................................................................................

ചിണ്ടനുറുമ്പ് : ........................................................................................................

കുരങ്ങൻ : ........................................................................................................

**പ്രവർത്തനം 3 ചേർത്തുവരയ്ക്കാം** ഗ്രേഡ് [ ]

നെന്മണികളുമായി നടക്കാൻ തുടങ്ങുമ്പോഴാണ് അവർ കുറെ കൃഷിയുപകരണങ്ങൾ കണ്ടത്. ഇവയുടെ ഉപയോഗങ്ങൾ എന്തൊക്കെ? വരച്ച് യോജിപ്പിക്കൂ.



വളം കൊണ്ടുപോകാൻ



ചെടി നനയ്ക്കാൻ



നെല്ല് കൊയ്തെടുക്കാൻ

ഈ ഉപകരണത്തിന്റെ പേരെന്ത്?



..............................................

ഉപയോഗം

- ..............................................................................................

**പ്രവർത്തനം 4 വരികൾ ചേർക്കാം, ഒത്തുപാടാം** ഗ്രേഡ് [ ]

കുട്ടനുറുമ്പിന്റെ വീട്ടിൽ പിറന്നാളാഘോഷം പൊടിപൊടിക്കുകയാണ്. പാടി നോക്കൂ...

ഇന്നാണല്ലോ ഇന്നാണല്ലോ
കുട്ടനുറുമ്പിൻ ജന്മദിനം.
പച്ചത്തത്ത പറന്നെത്തി
തോരണമെങ്ങും തൂക്കുന്നു.





..........................................................................................

..........................................................................................

..........................................................................................

..........................................................................................





..........................................................................................

..........................................................................................

..........................................................................................

..........................................................................................





**പ്രവർത്തനം 5 പരീക്ഷണം ചെയ്യാം** ഗ്രേഡ് [ ]

ചിണ്ടനുറുമ്പും കൂട്ടുകാരും കൊണ്ടുപോയ പഞ്ചസാരത്തരികൾ മഴയിൽ അലിഞ്ഞുപോയത് നിങ്ങൾക്ക് ഓർമ്മയില്ലേ? എല്ലാ വസ്തുക്കളും വെള്ളത്തിൽ അലിയുമോ?

അരിമണികൾ, ഉപ്പ്, പഞ്ചസാര, ചെറുപയർ, കടല എന്നിവയിൽ വെള്ളത്തിൽ അലിയുന്നവയും അലിയാത്തവയും ഏതൊക്കെ എന്ന് നോക്കാം.

<u>പരീക്ഷണക്കുറിപ്പ്</u>

പരീക്ഷണത്തിന്റെ പേര് [ ]

ആവശ്യമായ സാധനങ്ങൾ

[ ]

പരീക്ഷണം ചെയ്യുന്ന വിധം

[ ]

എന്റെ കണ്ടെത്തൽ

[ ]